**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1372** — **06-02-2020 ൽ മറുപടിക്ക്**

## കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കരുനാഗപ്പള്ളിയിൽ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിന് അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ആയത് ഈ ആവശ്യത്തിലേക്ക് ലഭിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (എ) കരുനാഗപ്പള്ളി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നം. 10 ൽ റീസർവ്വേ 582/11-ൽപ്പെട്ട കെ.ഐ.പി(കല്ലട ഇറിഗേഷൻ പ്രൊജക്ട്) യുടെ ഉപയോഗത്തിലുള്ള 0.5600 ഹെക്ടർ സ്ഥലത്ത് നിന്നും 0.1214 ഹെക്ടർ സ്ഥലം സൈക്ലോൺ ഷെൽട്ടർ നിർമ്മാണത്തിന് വേണ്ടി ഏറ്റെടുത്തിട്ടുള്ളതാണ്. ശേഷിക്കുന്ന 0.4386 ഹെക്ടർ സ്ഥലത്ത് നിൽക്കുന്ന ഉപയോഗശൂന്യമായ പഴക്കം ചെന്ന കെട്ടിടങ്ങൾ ഒഴിവാക്കി ടി സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കരുനാഗപ്പള്ളി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം കെ.ഐ.പിയുടെ ഉപയോഗത്തിൽ ആയതിനാൽ കെ.ഐ.പിയുടെ എൻ ഒ സി ലഭിക്കുന്നതിന് ജലവിഭവ സെക്രട്ടറിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. കെ.ഐ.പിയുടെ എൻ.ഒ.സി ലഭിച്ചാൽ മാത്രമേ ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) കരുനാഗപ്പള്ളി മണ്ഡലത്തിനനുവദിച്ച ഗവ: കോളേജ് സ്ഥാപിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. എഞ്ചിനിയറിംഗ് കോളേജിന്റെ അധീനതയിലുള്ള സ്ഥലം കൈമാറുന്നതിനായി സർവ്വേ റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) ഐ.എച്ച്.ആർ.ഡി. എഞ്ചിനിയറിംഗ് കോളേജിന്റെ അധീനതയിലുളള സ്ഥലം തഴവ ആർട്സ് & സയൻസ് കോളേജിന് കൈമാറി നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അർത്ഥനാപത്രം സമർപ്പിച്ചിരുന്നതും ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർ കരുനാഗപ്പള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആണ്. |
| (സി) ഇവിടെ കോടതി സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഏതെല്ലാം സ്ഥലങ്ങൾ പരിശോധന നടത്തിയിട്ടുണ്ട്; സ്ഥലം കൈമാറുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;വിശദമാക്കാമോ; | (സി) കരുനാഗപ്പള്ളി കോടതി സമുച്ചയം നിർമ്മിക്കുന്നതിന് കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നം. 10-ൽ റീസർവ്വെ നം. 584/4 ൽപ്പെട്ട കെ.ഐപിയുടെ ഉടമസ്ഥതയിലുള്ള 58.45 ആർസ് സ്ഥലം കൈമാറി നൽകുന്നതിന് കരുനാഗപ്പള്ളി തഹസിൽദാർ പ്രൊപ്പോസൽ തയ്യാറാക്കി കൊല്ലം സബ് കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ടി സ്ഥലം കൈമാറി നൽകുന്നതിന് ജലവിഭവ വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിച്ചിട്ടില്ലാത്തതാണ്. |

| | | |
|---|---|---|
| (ഡി) | വിവിധ ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി കൈമാറ്റം ചെയ്യുന്ന നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) ഭൂമി കൈമാറ്റത്തിനുള്ള വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വിവിധ വകുപ്പുകളുടെ കൈവശത്തിലുള്ളതും പ്രസ്തുത വകുപ്പുകൾക്ക് ആവശ്യമില്ലാത്തതുമായ ഭൂമി ആ വകുപ്പുകളുടെ നിരാക്ഷേപപത്രം ലഭ്യമാക്കി കൈമാറ്റ നടപടികൾ വേഗത്തിലാക്കുന്നതിനു സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ട് പഞ്ചായത്ത് ഏരിയയിൽ 50 സെന്റും മുനിസിപ്പൽ ഏരിയയിൽ 25 സെന്റും കോർപ്പറേഷൻ ഏരിയയിൽ 10 സെന്റും ഭൂമിവരെ കൈമാറ്റം ചെയ്യുന്നതിനുള്ള അധികാരം അതാത് ജില്ലാ കളക്ടർമാർക്ക് നല്കി 05.06.2018 ലെ സർക്കാർ ഉത്തരവ് നം. സ.ഉ (പി) 31/18 പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**